**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5192** **23.05.2017 ൽ മറുപടിയ്ക്ക്**

**വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിലുള്ള കർഷക വിപണികൾ**

| **ചോദ്യം**<br>**ശ്രീ.മുല്ലക്കര രത്നാകരൻ** | **മറുപടി**<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) സംസ്ഥാനത്ത് വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിൽ എത്ര കർഷക വിപണികൾ പ്രവർത്തിച്ച വരുന്നുവെന്ന് വ്യക്തമാക്കാമോ; | എ) വി.എഫ്.പി.സി.കെയുടെ കീഴിൽ സംസ്ഥാന ത്തൊട്ടാകെ 277 സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിച്ചു വരുന്നു. |
| ബി) വിപണി രൂപീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | ബി) 1. വിപണിയുടെ പ്രവർത്തന മേഖലയിൽ കുറഞ്ഞത് കൗൺസിലിന്റെ 7 സ്വാശ്രയ സംഘങ്ങൾ ഉണ്ടായിരിക്കണം. ഒരു വിപണിയിൽ 15 ൽ അധികം സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.<br><br>2. വിപണിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സംഘങ്ങളിലെ 25% വരുന്ന കർഷകരോ അല്ലെങ്കിൽ 50 പേരോ വിപണിയിൽ അംഗത്വമെടുത്തിരിക്കണം.<br><br>3. വിപണി രൂപീകരിക്കുന്നതിന് തയ്യാറായ എല്ലാ സ്വാശ്രയ സംഘങ്ങളും ശാക്തീകരണ ഘട്ടത്തിലുള്ളതായിരിക്കണം. അതായത് സംഘം തുടങ്ങി 4 മാസമെങ്കിലും കഴിഞ്ഞവയും കൃത്യമായി മീറ്റിങ് കൂടുന്നവരും സംഘതല പ്രവർത്തനങ്ങൾ നടത്തുന്നവരും ആയിരിക്കണം.<br><br>4. 80% കമ്മിറ്റി അംഗങ്ങളെങ്കിലും കൂട്ടായ വിപണനത്തെക്കുറിച്ചുള്ള പരിശീലനം ലഭിച്ചവരായിരിക്കണം. എല്ലാ സ്വാശ്രയ സംഘങ്ങൾക്കും മേൽപ്പറഞ്ഞ പരിശീലനം ലഭിച്ചിരിക്കണം.<br><br>5. വിപണി ആരംഭിച്ച് 3 മാസത്തിനുള്ളിൽ 50 മെട്രിക് ടൺ (പച്ചക്കറി)/70 മെട്രിക് ടൺ (വാഴ)/65 മെട്രിക് ടൺ (പച്ചക്കറി & വാഴ) എന്ന തോതിലെങ്കിലും ഉല്പന്നം വിറ്റഴിക്കാൻ സാധിക്കണം. മൊത്തം, കുറഞ്ഞത് 225 മെട്രിക് ടൺ ഉല്പന്നം എങ്കിലും ഒരു വർഷംകൊണ്ട് വിറ്റഴിക്കാൻ കഴിയണം. |

s. [signature]

**സെക്ഷൻ ഓഫീസർ**